കേരളകൗമുദി

SINCE 1911

**Thrissur Edition**
**Dated on 26-10-2025**
**Page no 3**
**Column no 3**

# ജില്ലാ ത്രോ ബാൾ ചാമ്പ്യൻഷിപ്പ്

എടമുട്ടം: കഴിമ്പ്രം വാഴപ്പിള്ളി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, ജില്ലാ ത്രോ ബാൾ അസോസിയേഷനും ചേർന്ന് സംഘടിപ്പിക്കുന്ന ജില്ലാ മിനി ത്രോ ബാൾ ചാമ്പ്യൻഷിപ്പ് നവംബർ ആറിന് കഴിമ്പ്രം വാഴപ്പുള്ളി ക്ഷേത്രം മൈതാനിയിൽ നടത്തും. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി നടത്തുന്ന മത്സരത്തിൽ നിന്നും കൊല്ലത്ത് അടുത്തമാസം നടത്തുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ ടീമിന്റെ തിരഞ്ഞെടുപ്പ് നടത്തും. പങ്കെടുക്കാൻ താത്പര്യമുള്ള ടീമുകൾ ഈ മാസം 30ന് മുമ്പായി രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കണം. ഓപ്പൺ സെലക്ഷൻ ഉണ്ടായിരിക്കുന്നതല്ല. ബന്ധപ്പെടേണ്ട നമ്പർ: 7736686231.

# ദേശാഭിമാനി

**Thrissur Edition**
**Dated On 14-11-2025**
**Page no 4**
**Column no 2**

### ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ്

# കയ്പമംഗലം എംഐഎസി ഇംഗ്ലീഷ് സ്കൂളും പ്ലേബോൾ സ്പോർട്സ് ക്ലബ്ബും ജേതാക്കൾ

**തൃശൂർ**

മൂന്നാമത് ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കയ്പമംഗലം എംഐഎസി ഇംഗ്ലീഷ് സ്കൂളും ആൺകുട്ടികളുടെ വിഭാഗത്തിൽ പ്ലേബോൾ സ്പോർട്സ് ക്ലബ്ബും ജേതാക്കളായി. ആൺകുട്ടികളുടെ വിഭാഗത്തിൽ നോട്ടർഡാം സ്പോർട്സ് ക്ലബ്ബും പെൺകുട്ടികളുടെ വിഭാഗത്തിൽ ചെന്ത്രാപ്പിന്നി എസ് എൻ വിദ്യാഭവനും രണ്ടാം സ്ഥാനത്തെത്തി. വലപ്പാട് ഭാരത് വിദ്യാമന്ദിർ ആൺകുട്ടികളുടെയും പെൺകുട്ടിയുടെയും വിഭാഗത്തിൽ മൂന്നാമതെത്തി. വാഴപ്പുള്ളി അമ്പലം ഗ്രൗണ്ടിൽ സംഘടിപ്പിച്ച മത്സരം സൗത്ത് ഇന്ത്യൻ ബാങ്ക് റീജണൽ മാനേജർ ആര്യ ഉദ്ഘാടനം ചെയ്തു. വി യു ഉണ്ണികൃഷ്ണൻ സംസാരിച്ചു.